അവസാനിപ്പിക്കുകയും പകരം വകുപ്പുതല മേധാവിയെ അദ്ധ്യക്ഷനായും വകുപ്പിലെ മേഖലാ ജില്ലാതല മേധാവികളെ അംഗങ്ങളായും അദ്ധ്യക്ഷന് തൊട്ടുതാഴെയുള്ള ഉദ്യോഗസ്ഥനെ കൺവീനറായും ഉൾപ്പെടുത്തിക്കൊണ്ട് ഔദ്യോഗിക ഭാഷ സംബന്ധിച്ച വകുപ്പുതല ഏകോപന സമിതിയും വകുപ്പിലെ ജില്ലാതല മേധാവിയെ അദ്ധ്യക്ഷനായും വകുപ്പിന്റെ ജില്ലയിലെ മറ്റ് കീഴ് ഓഫീസ് തലവൻമാരെ അംഗങ്ങളാക്കിയും ജില്ലാ ഓഫീസിലെ ജില്ലാ മേധാവികളുടെ തൊട്ടു താഴെയുള്ള ഉദ്യോഗസ്ഥനെ കൺവീനറായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ജില്ലാതല ഔദ്യോഗിക ഭാഷാ സമിതിയും രൂപീകരിക്കാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) മലയാള ഭാഷാ നിയമത്തിന്റെ കരട് ബിൽ നിയമസഭയുടെ നടപ്പ് സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

മെയിൽ ജയിൽ വാർഡൻമാരുടെ റാങ്ക് ലിസ്റ്റ്

36 (1859) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ജയിലുകളിൽ മെയിൽ ജയിൽ വാർഡൻമാരുടെ ഒഴിവുകളിലേക്ക് നിയമിക്കുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; പ്രസ്തുത ലിസ്റ്റിൽ നിന്നും ജയിൽ വർഡർമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സർക്കാർ ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ്

37 (1861) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എല്ലാ സർക്കാർ ജീവനക്കാർക്കും തിരിച്ചറിയൽ കാർഡ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് ഉണ്ടോ; പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ഏതൊക്കെ വകുപ്പുകളിലാണ് നിലവിൽ ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ് അനുവദിക്കാൻ ബാക്കിയുള്ളതെന്നും ആയതിന്റെ കാരണവും അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) എല്ലാ സർക്കാർ ജീവനക്കാർക്കും തിരിച്ചറിയൽ കാർഡ് അനുവദിച്ചിട്ടുണ്ട്. ഡ്യൂട്ടിയിലുള്ള സർക്കാർ ജീവനക്കാരെ തിരിച്ചറിയുന്നതിനായി പ്രവൃത്തി സമയങ്ങളിൽ നെയിംബാഡ്ജ്/ നെയിംബോർഡ് കർശനമായും ധരിക്കണമെന്നും കാർഡ് ഇതുവരെ ലഭിച്ചിട്ടില്ലാത്ത ജീവനക്കാർക്ക് ആയത് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് 19-9-2015-ലെ 13671/എ.ആർ.13(2)/2015/ഉഭപവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലർ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിൽ മാറ്റം

38 (1862) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ, എത്ര തവണ; എന്തെല്ലാമാണ് വരുത്തിയ മാറ്റങ്ങൾ ; പ്രസ്തുത മാറ്റങ്ങളുടെ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ; പെരുമാറ്റചട്ടങ്ങളിൽ മാറ്റം വരുത്താനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം 7-8-2014-ലെ G.O.(P)27/14/P&ARD (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്)* പ്രകാരം ഒരു തവണ 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 67-ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാന സർക്കാർ ജീവനക്കാർ മത/സാമുദായിക സംഘടനകളുടെ ഭാരവാഹികളാകുന്നത് വിലക്കിയിട്ടുണ്ട്. കൂടാതെ സർക്കാർ ജീവനക്കാർ ശാസ്ത്ര, സാഹിത്യ, ജീവകാരുണ്യ സംഘടനകളുടെയോ അതുപോലെയുള്ള ട്രസ്റ്റ്, സൊസൈറ്റി എന്നിവയുടെയോ ഭാരവാഹികളാകുന്നപക്ഷം ചുമതലയേറ്റ് ഒരു മാസത്തിനകം ആ വിവരം സർക്കാരിനെ അറിയിക്കേണ്ടതും, സർക്കാർ ആവശ്യപ്പെടുകയാണെങ്കിൽ പ്രസ്തുത ഭാരവാഹിത്വം രാജി വയ്ക്കേണ്ടതുമാണ്. ഇത്തരത്തിൽ ഭാരവാഹിത്വം ഏറ്റെടുക്കുന്നവർ പണപ്പിരിവ് നടത്തുകയോ, വരിസംഖ്യ സ്വീകരിക്കുകയോ മറ്റ് സാമ്പത്തിക ഇടപാടുകൾ നടത്തുകയോ ചെയ്യരുത്. സർക്കാർ ജീവനക്കാർ മത/സാമുദായിക സംഘടനാ ഭാരവാഹികളായി പണപ്പിരിവും മറ്റ് സാമ്പത്തിക ഇടപാടുകളും നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് സർക്കാർ പ്രസ്തുത ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചത്. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly